# കേരളസർവകലാശാല

നം.പി.ആർ.219/2022

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റി

കേരളസർവകലാശാല 2022 ഒക്ടോബർ 20 മുതൽ 31 വരെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./സി.ആർ. മൂല്യനിർണയ ക്യാമ്പ് നടത്താൻ നിശ്ചയിച്ചിരിക്കുന്നതിനാൽ, ഈ ദിവസങ്ങളിൽ അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും യു.ഐ.റ്റി. സെന്ററുകളിലും നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (ബി.എ./ബി.എസ്സി./ബി.കോം./ബി.ബി.എ./ബി.പി.എ./ബി.സി.എ./എം.എ./എം.എസ്സി./എം.കോം./എം.എൽ.ഐ.എസ്സി.) (റെഗുലർ/എസ്.ഡി.ഇ./ആന്വൽ/പ്രൈവറ്റ് സ്റ്റഡി/മേഴ്സിചാൻസ്) മാറ്റിവെച്ചിരിക്കുന്നു.

## കേരളസർവകലാശാല: ഒന്നാം വർഷ ബിരുദ പ്രവേശനം – 2022 കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് തിരുവനന്തപുരം മേഖല– ഒക്ടോബർ – 21 നും കൊല്ലം, ആലപ്പുഴ,പത്തനംതിട്ട മേഖലകൾ ഒക്ടോബർ – 22 നും.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് അതാത് വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| മേഖല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം മേഖലയിലെ കോളേജുകൾ | ഒക്ടോബർ 21 | സെനറ്റ്ഹൗസ്, പാളയം |
| കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ | ഒക്ടോബർ 22 | എസ്. എൻ കോളേജ്, കൊല്ലം. |

വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യ പത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി./എസ്.സി. വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

## കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022
## ജനറൽ സ്പോട്ട്, കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട
## സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 20 ന് യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ, പാളയം

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ., സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള എല്ലാ സീറ്റുകളിലേക്കും ജനറൽ സ്പോട്ട്, കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 20 ന് പാളയം യൂണിവേഴ്സിറ്റി സെനറ്റ്ഹാളിൽ വച്ച് നടത്തുന്നു.

രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക്ലിസ്റ്റുകളും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും കൈവശം കരുതണം.

ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർ ടി സംവരണം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് സമർപ്പിക്കാൻ സാധിക്കാത്ത പക്ഷം ടി വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

## കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2022 – 23
## വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ തിരുത്തലുകൾക്ക്
## 2022 ഒക്ടോബർ 19 പകൽ 11 മണി വരെ അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/കെ.യു.സി.ടി.ഇ. സ്വാശ്രയ കോളേജുകളിലും ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനം പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പേര്, ജനനതീയതി, അക്കാഡമിക് വിവരങ്ങൾ, കോളേജുകളുടേയും കോഴ്സുകളുടേയും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രൊഫൈലിൽ തിരുത്തലുകൾക്ക് 2022 ഒക്ടോബർ 19, പകൽ 11 മണി വരെയാണ് അവസരം. വിശദവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in)

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ എം.ഫിൽ. ഇൻ കൺസൾട്ടിംഗ് സൈക്കോളജി, എം.ഫിൽ. ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് 2020 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്.എസ്. (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017, 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015, 2014, 2013 അഡ്മിഷൻ), ആഗസ്റ്റ് 2022 പരീക്ഷയുടെ ബോട്ടണി, കെമിസ്ട്രി, സുവോളജി & കോംപ്ലിമെന്ററി കമ്പ്യൂട്ടർസയൻസ് (ബി.എസ്‌സി. മാത്തമാറ്റിക്സ് & ബി.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ്, ബി.എസ്‌സി. ഫിസിക്സ് വിത്ത് മെഷീൻ ലേർണിംഗ് എന്നിവയുടെ കോംപ്ലിമെന്ററി) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 31 മുതൽ അതാത് കോളേജുകളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.സി.എ. (റെഗുലർ, 2020 സ്കീം) പരീക്ഷയുടെ രജിസ്ട്രേഷൻ 2022 ഒക്ടോബർ 21 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ഒക്ടോബർ 29 വരെയും 150 രൂപ പിഴയോടെ നവംബർ 2 വരെയും 400 രൂപ പിഴയോടെ നവംബർ 4 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (കമ്പ്യൂട്ടർസയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി) ഒഴിവുള്ള സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷനും ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനും (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി) 2022 ഒക്ടോബർ 19 ന് രാവിലെ 10 മണി മുതൽ കോളേജ് ഓഫീസിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് www.ucek.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9037119776, 9388011160, 9447125125

തിരുവനന്തപുരം,
18.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**